LIBRARY ARCHIVES Kerala Legislative Assembly

കോവിഡ് മൂലമുള്ള തൊഴിൽ നഷ്ടം

196 (945) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരലൽ കോളേജ് അദ്ധ്യാപകർ, അലക്ക് തൊഴിലാളികൾ, പ്രൈവറ്റ് ബസ് ജീവനക്കാർ എന്നിവർ കോവിഡ് മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട് നിത്യപട്ടിണിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില വിഭാഗക്കാർക്ക് താല്ക്കാലികമായി തൊഴിലിൽ ഏർപ്പെടാൻ പറ്റാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് ആരും നിത്യപട്ടിണിയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ഇവരുടെ ക്ഷേമത്തിനായി സർക്കാർ ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

കോവിഡ്-19 മഹാമാരിയുടെ ഒന്നാംഘട്ടത്തിലെ ലോക്ക്ഡൗൺ കാരണം പൂർണ്ണമായോ ഭാഗികമായോ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിനുകീഴിലുള്ള സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 1,000 രൂപ മുതൽ 3,000 രൂപ വരെ വിവിധ ബോർഡുകൾവഴി സർക്കാർ ധനസഹായം അനുവദിച്ച് നൽകിയിരുന്നു. കൂടാതെ സാമ്പത്തിക ഭദ്രതയുള്ള 5 ക്ഷേമനിധി ബോർഡുകൾ തനത് ഫണ്ടിൽനിന്നും 1,000 രൂപ മുതൽ 5,000 രൂപ വരെ ധനസഹായം തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിരുന്നു. കോവിഡ് വ്യാപനത്തിന്റെ രണ്ടാംഘട്ടത്തിൽ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് സർക്കാർ 1,000 രൂപ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് (അൺഅറ്റാച്ച്ഡ്) എന്നീ അഞ്ച് ബോർഡുകൾ ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത തൊഴിലാളികൾക്ക് തനത് ഫണ്ടിൽനിന്നും ധനസഹായം വിതരണം ചെയ്യുവരുന്നു. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള മറ്റ് ക്ഷേമനിധി ബോർഡുകളിൽ അംഗത്വമെടുത്തിട്ടുള്ള എല്ലാ വിഭാഗം തൊഴിലാളികൾക്കും 1,000 രൂപ വീതം ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.